# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.22 07.08.2017 ൽ മറുപടി നൽകേണ്ടത്.

## സർക്കാർ ഓഫീസുകളിൽ ജനങ്ങൾ നൽകുന്ന പരാതികൾ

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

ഉത്തരം

ശ്രീ.പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ ജനങ്ങൾ നൽകുന്ന നിവേദനങ്ങൾക്കും, പരാതികൾക്കും തൽസമയം തന്നെ രശീത് നൽകുവാനുള്ള ഉത്തരവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ/ നിവേദനങ്ങൾ എന്നിവയ്ക്ക് ആയതു കിട്ടിയാലുടൻതന്നെ കൈപ്പറ്റ് രസീത് നൽകണമെന്ന് 12.1.2009 ലെ 168/AR 13(2)/09/ഉപഭവ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി വിഷയം സംബന്ധിച്ചുള്ള ഉത്തരവ് കർശനമായി പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പധ്യക്ഷൻ ശിക്ഷാനടപടി സ്വീകരിക്കണമെന്നും 16.7.2015 ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഓഫീസുകളിൽ സന്ദർശന സമയം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | സെക്രട്ടേറിയേറ്റിൽ സന്ദർശന സമയം 3 മണി മുതൽ 5 വരെയാണ്. |
| (സി) | സന്ദർശന സമയങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർ ഇല്ലെങ്കിൽ ലഭിക്കുന്ന പരാതികളിൽ രശീത് നൽകാൻ പകരം സംവിധാനം ഏർപ്പെടുത്തുമോ? | (സി) | നിലവിൽ ഈ സംവിധാനമുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ